**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3085 — 21/06/2013-ൽ മറുപടിയ്ക്ക്

പച്ചക്കറി ഉത്പ്പാദനവും വിപണനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>,, എം. ഹംസ<br>,, കെ. സുരേഷ് കുറുപ്പ്<br>,, രാജു എബ്രഹാം | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന മേഖലയിൽ തൊഴിലുറപ്പ് പദ്ധതി വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതി അംഗങ്ങളെ ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങളെ ഉപയോഗിച്ച് കൃഷി ചെയ്യാനുള്ള നിലം ഒരുക്കിയ ശേഷം പച്ചക്കറി കൃഷി ചെയ്യുന്നു. |
| ബി) പദ്ധതി ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദന മേഖലയിൽ നടപ്പാക്കി വരുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | ബി) പച്ചക്കറി കൃഷി ചെയ്യാൻ വേണ്ടി നിലം ഒരുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി അംഗങ്ങളെ ഉപയോഗിക്കുന്നു. |
| സി) തൊഴിലുറപ്പു പദ്ധതിയിൽ നിന്നും കാർഷിക മേഖലയെ ഒഴിവാക്കിക്കൊണ്ടുള്ള കേന്ദ്ര തീരുമാനം ഈ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുമെന്നറിയിക്കാമോ; | സി) നിലം ഒരുക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നൊഴിവാക്കിയാൽ പച്ചക്കറി കൃഷിയുടെ ഉല്പാദനച്ചെലവ് വർദ്ധിക്കുന്നതാണ്. |
| ഡി) സംസ്ഥാനത്ത് പച്ചക്കറി വിലയെ ഇത് എത്രത്തോളം ബാധിക്കുമെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല. പക്ഷേ നിലം ഒരുക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നൊഴിവാക്കിയാൽ ഉല്പാദനച്ചെലവ് വർദ്ധിക്കുകയും തദ്വാരാ പച്ചക്കറിയുടെ വില വർദ്ധന ഉണ്ടാകുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**